**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഉഡാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | യാത്രാസൗകര്യം കുറഞ്ഞ മേഖലകളെ ചെറുവിമാനങ്ങളും ഹെലികോപ്റ്ററുകളും സീപ്ലെയിനും ഉപയോഗിച്ച് ബന്ധിപ്പിക്കാനും കുറഞ്ഞ ചെലവിൽ ആകാശയാത്ര സാധ്യമാക്കാനുമുള്ള ഉഡാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2025-ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച RCS-UDAN പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ സീപ്ലയിൻ സർവീസ് ആരംഭിക്കുന്നതിനായി തീരുമാനിക്കുകയും ഇക്കാര്യത്തിനായി വിവരങ്ങൾ ലഭ്യമാക്കുവാൻ കേന്ദ്രവ്യോമയാന മന്ത്രാലയം കേരളത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സീപ്ലെയിൻ സർവീസ് ആരംഭിക്കുന്നതിനായി അനുയോജ്യമായ ഡാം സൈറ്റുകളുടെ വിശദാംശങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിരുന്നു. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അന്തിമ തീരുമാനമനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാനിരിക്കുകയാണ്. ഇതിന്റെ നിരക്കും പദ്ധതിയുടെ ചെലവും കണക്കാക്കിയിട്ടില്ല. |
| (ബി) | കുറഞ്ഞ നിരക്കിൽ സർവ്വീസ് നടത്തുന്ന എയർലൈൻസ് കമ്പനിക്കുണ്ടാകുന്ന നഷ്ടം നികത്താൻ സർക്കാരിന് ബാധ്യതയുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | 2025-ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച RCS-UDAN പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ സീപ്ലയിൻ സർവീസ് ആരംഭിക്കുന്നതിനായി തീരുമാനിക്കുകയും ഇക്കാര്യത്തിനായി വിവരങ്ങൾ ലഭ്യമാക്കുവാൻ കേന്ദ്രവ്യോമയാന മന്ത്രാലയം കേരളത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സീപ്ലെയിൻ സർവീസ് ആരംഭിക്കുന്നതിനായി അനുയോജ്യമായ ഡാം സൈറ്റുകളുടെ വിശദാംശങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിരുന്നു. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അന്തിമ തീരുമാനമനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാനിരിക്കുകയാണ്. ഇതിന്റെ നിരക്കും പദ്ധതിയുടെ ചെലവും കണക്കാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്തിനുണ്ടാകുന്ന ചെലവുകൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2025-ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച RCS-UDAN പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്ക് കീഴിൽ സീപ്ലയിൻ സർവീസ് ആരംഭിക്കുന്നതിനായി തീരുമാനിക്കുകയും ഇക്കാര്യത്തിനായി വിവരങ്ങൾ ലഭ്യമാക്കുവാൻ കേന്ദ്രവ്യോമയാന മന്ത്രാലയം കേരളത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സീപ്ലെയിൻ സർവീസ് ആരംഭിക്കുന്നതിനായി അനുയോജ്യമായ ഡാം സൈറ്റുകളുടെ വിശദാംശങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിരുന്നു. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അന്തിമ തീരുമാനമനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാനിരിക്കുകയാണ്. ഇതിന്റെ നിരക്കും പദ്ധതിയുടെ ചെലവും കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ